# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 7850** 16.07.2014 ൽ മറുപടിയ്ക്ക്

## അനെർട്ടിന്റെ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ അനെർട്ട് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) 2013-14 വർഷം മലപ്പുറം, വയനാട് എന്നീ ജില്ലാ പഞ്ചായത്തുകൾക്കുവേണ്ടി ഡെപ്പോസിറ്റ് വർക്ക് ആയി കാടിനോട് ചേർന്നു കിടക്കുന്ന എസ്.സി/എസ്.റ്റി.കോളനികളിൽ സൗരോർജ്ജ വൈദ്യുതിവേലിയുടെ നിർമ്മാണം നടന്നുവരുന്നു. മലപ്പുറം ജില്ലയിൽ 12 എസ്.സി./എസ്.റ്റി. കോളനികളിലും, വയനാട് ജില്ലയിൽ 17 എസ്.സി. /എസ്.റ്റി. കോളനികളിലും പ്രസരണ വൈദ്യുതി ആവശ്യാനുസരണം ലഭ്യമല്ലാത്തതിനാൽ സോളാർ വൈദ്യുത സംവിധാനം ഉപയോഗിച്ചാണ് വൈദ്യുത വേലി പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലാ പഞ്ചായത്തിലെ 32.5 കിലോമീറ്റർ ദൈർഘ്യമുള്ള ഫെൻസിംഗ് പണിക്കായി 89,19,750/- രൂപയുടെയും വയനാട് ജില്ലാ പഞ്ചായത്തിലെ 60.4കിലോമീറ്റർ ദൈർഘ്യമുള്ള ഫെൻസിംഗ് പണിയ്ക്കായി 1,50,06,863/- രൂപയുടെയും പ്രവർത്തിയാണ് നടക്കുന്നത്. ഇവ വന്യമൃഗങ്ങളിൽ നിന്നും ജനങ്ങളുടെ വാസസ്ഥലത്തിനും കൃഷിയിടങ്ങൾക്കും വേണ്ട സംരക്ഷണം നൽകുന്നു. 2012-13 വർഷത്തെ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 9 മുനിസിപ്പാലിറ്റികളിലായി നൂറു വീതം ആകെ 900 സോളാർ എൽ.ഇ.ഡി. വഴിവിളക്കുകൾ സ്ഥാപിച്ചു കഴിഞ്ഞു.<br>2012-13 വർഷം ആലപ്പുഴ മുനിസിപ്പാലിറ്റിയുമായി സഹകരിച്ച് 211 ഗാർഹിക |

ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക യുണ്ടായി.

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആകെ 103kWp സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) അനെർട്ട് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കാമോ?

ബി) 2013-14 വർഷത്തെ പദ്ധതി പ്രകാരം 1100 സോളാർ എൽ.ഇ.ഡി. വഴിവിളക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു.

വികേന്ദ്രീകൃത മാലിന്യസംസ്ക്കരണം, പാചകാവശ്യത്തിനുള്ള ബയോഗ്യാസ് ലഭ്യമാക്കുക എന്നിവ ലക്ഷ്യമാക്കി അനെർട്ട് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ജൈവമാലിന്യങ്ങൾ ധാരാളമായി ലഭ്യമാകുന്ന ക്യാന്റീനുകൾ, ഹോസ്റ്റലുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ ഇൻസ്റ്റിറ്റ്യൂഷണൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കുന്നു. സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുക, വനനശീകരണം തടയുക, ആഗോളതാപനം തടയുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ഇന്ധന ക്ഷമതയുള്ളതും പുകയില്ലാത്തതുമായ മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ